633/പി3/2016 15-07-2016

<u>പത്രക്കുറിപ്പ്</u>

## കേരള സംഗീത നാടക അക്കാദമി
## കലാപരിശീലന സ്റ്റൈപ്പന്റിന് അപേക്ഷ ക്ഷണിക്കുന്നു

കേരള സംഗീത നാടക അക്കാദമി നിര്‍ദ്ധനരായ കുട്ടികളുടെ കലാഭ്യസനത്തിന് നല്‍കിവരുന്ന സ്റ്റൈപ്പന്റിന് അപേക്ഷ ക്ഷണിച്ചു. ഭരതനാട്യം, മോഹിനിയാട്ടം, കേരള നൃത്തം, ശാസ്ത്രീയ സംഗീതം, (വായ്പാട്ട്, വീണ, വയലിന്‍, മൃദംഗം) എന്നീ കലാ വിഭാഗങ്ങള്‍ പരിശീലിക്കുന്നതിനാണ് സ്റ്റൈപ്പന്റ് അനുവദിക്കുന്നത്. 10നും 17നും മദ്ധ്യേ പ്രായമുളളവരും രക്ഷിതാവിന്റെ വാര്‍ഷിക വരുമാനം 30,000/- രൂപയില്‍ താഴെയുമായ അപേക്ഷകരില്‍ നിന്നാണ് സ്റ്റൈപ്പന്റ് നല്‍കുന്നതിനുളള കുട്ടികളെ തെരഞ്ഞെടുക്കുന്നത്. 2016 ഏപ്രില്‍ മുതല്‍ ഒരു വര്‍ഷത്തേക്കാണ് സ്റ്റൈപ്പന്റ് നല്‍കുക.

അപേക്ഷാഫോറവും നിയമാവലിയും ലഭിക്കുന്നതിന് സ്വന്തം മേല്‍വിലാസമെഴുതി 5/- രൂപയുടെ സ്റ്റാമ്പൊട്ടിച്ച കവര്‍ സഹിതം, **സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി, തൃശൂര്‍ - 20** എന്ന വിലാസത്തില്‍ അപേക്ഷിക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷയും, വിദ്യാര്‍ത്ഥി/വിദ്യാര്‍ത്ഥിനിയുടെ ജനന തീയതി തെളിയിക്കുന്ന സര്‍ട്ടിഫിക്കറ്റിന്റെ കോപ്പി (സ്വയം സാക്ഷ്യപ്പെടുത്തിയത്) രക്ഷിതാവിന്റെ വാര്‍ഷിക വരുമാനം തെളിയിക്കുന്ന ഒറിജിനല്‍ വരുമാന സര്‍ട്ടിഫിക്കറ്റും (അക്കാദമി അപേക്ഷ ക്ഷണിച്ചതിനുശേഷം കൈപ്പറ്റിയത്) 2016 ജൂലായ് 30-ാം തീയതിയ്ക്കകം അക്കാദമിയില്‍ ലഭിച്ചിരിക്കണം. വൈകികിട്ടുന്നതോ, അപൂര്‍ണ്ണമോ ആയ അപേക്ഷകള്‍ സ്വീകരിക്കുന്നതല്ല. 2015-2016 വര്‍ഷത്തെ സ്റ്റൈപ്പന്റിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുളളവര്‍ പുതുതായി അപേക്ഷിക്കേണ്ടതില്ല.

സെക്രട്ടറി

*എസ്.വി*